# കവിയുടെ രചനാരേഖ

## ദേശമംഗലം രാമകൃഷ്ണൻ

പ്രയോജനവും വാസനകളും ഒത്തിണങ്ങിയ ഗൃഹനിർമാണത്തിന്റെയോ ശില്പവിദ്യയുടെയോ ചിഹ്നസംഹിതകൾ ഇടശ്ശേരിക്കവിതയിൽ ഉണ്ട്. പുരപ്പണിയുടെ സംത്രാസങ്ങളിൽനിന്നുളവാകുന്ന കല്പനകളിലൂടെ തന്റെ കാവ്യകലയെക്കുറിച്ച് അദ്ദേഹം 'പുരപ്പണി' എന്നൊരു രചനാരേഖ സമർപ്പിക്കുന്നു. വാസ്തുതന്ത്രത്തിലൂടെ ഇവിടെ തന്റെ കാവ്യതന്ത്രത്തിന്നുള്ള പ്രത്യക്ഷപത്രമൊരുക്കുകയാണ്. 'ഹിമഗിരിപോലെ മഹാംബുധിപോലെ/ മഹാനഭസ്സുപ്പോലൊരില്ലമെൻ സ്വപ്നം'. പ്രപഞ്ചമാനങ്ങൾ പുലർത്തുന്ന ഒരില്ലമാണ് കവിയുണ്ടാക്കാൻ ശ്രമിക്കുന്നത്. പല നൂററാണ്ടുകളുടെ ശൈലികളും സംസ്കാരങ്ങളുടെ പ്രയോഗരീതികളും മേളിപ്പിച്ച് പുതുതായി രൂപംകൊള്ളുന്ന ആവാസഗൃഹത്തിന് 'ഇല്ല'ത്തിന്റെ പഴമ ത്യാജ്യമല്ല. പഴയ എടുപ്പുകളിൽ ചില വച്ചുമാറ്റങ്ങൾ മാത്രം നടത്തിയിട്ടുള്ള വെറും പകർപ്പാണിത് എന്നാക്ഷേപിക്കുന്നവരുണ്ടാകാം. എന്നാൽ, ഇന്നിന്റെ അടിസ്ഥാനം ഇന്നലെകളായിരുന്നു. അവയുടെ മേളനത്തിൽനിന്നാണ് തന്റെ മൗലികത്വം പിറക്കുന്നത്. 'രുചിപ്രഭേദങ്ങൾ/ പ്രയോഗികരീതികൾ/ കലർപിന്റെ കലവറ' എന്നീ പദങ്ങളൊന്നും അദ്ദേഹം തിരസ്കരിക്കുന്നില്ല. 'ഒരായിരം പേരൊടിരന്നു നേടി ഞാൻ/ കരുതി വച്ചതാം പണിത്തരങ്ങളിൽ/ ചിലതു പൂതലാ,യപര്യാപ്തമത്രെ പലതും/ വേണ്ടവയിനിയും നേടണം' കാവ്യാനുശീലനം കൊണ്ടും അനുഭവം കൊണ്ടും നേടിയ കരുക്കൾ ഒരുക്കൂട്ടിക്കിടക്കുകയാണ് കവിഹൃദയത്തിൽ. കിട്ടിയ പലതും ദ്രവിച്ചു. പലതും വേണ്ടതായമട്ടിൽ ആയിട്ടില്ല. ഇനി സ്വയംപര്യാപ്തതയ്ക്കായുള്ള 'പരിഭ്രമിച്ചോട്ട'മാണ്. അരിച്ചുപെറുക്കി ചെലവാക്കി ഇരിക്കപ്പൊറുതിയില്ലാതായ ഒരുവന്റെ വല്ലായ്മയാണ് കവി അനുഭവിക്കുന്നത്. പണി കഴിഞ്ഞാലേ 'സ്വാസ്ഥ്യം ഭജി'ക്കാനാവൂ. പ്രാരാബ്ധക്കാരനും അങ്ങനെയുള്ള കവിക്കും അതു സാധിക്കുമോ? വീടുപണി മുഴുമിക്കാതിരിക്കെ, വരാനിരിക്കുന്ന പ്രാതികൂല്യങ്ങളെ കവി കാണുന്നു: 'മഴക്കാറിൻ ചോട്ടിലതുമിതും കൊത്തി/പ്പറക്കാറുള്ളൊരു കിളിപോലായി ഞാൻ'. പെയ്യാൻ കറുത്തു കൂടിനിൽക്കുന്ന മേഘത്തിന്റെ ചുവട്ടിൽ പരിഭ്രമിക്കുന്ന ഒരു കിളി: സർഗമുഹൂർത്തങ്ങളുടെ അസ്വസ്ഥത അഭിവ്യഞ്ജിപ്പിക്കുന്ന ചിത്രമാണിത്. 'അറിവീല, പക്ഷേ പലരുമിത്തരം/ മരാമത്തിന്റേതാം മഹാരഹസ്യത്തെ' കവിതയുടെ 'മരാമത്ത്' എന്ന സങ്കല്പം ഇടശ്ശേരിക്കവിതയിലാണാദ്യമായി കാണുന്നത്.

മേൽക്കൂരയും അടിത്തറയും വേണ്ടതായ ഗൃഹത്തിന്റെ തച്ചുശാസ്ത്രം കവി അവതരിപ്പിക്കുന്നു:

"പടവിൻമേലൊരു പടവു പാവുമ്പോൾ
പടുതയില്ലാഞ്ഞെൻ കരം വിറയ്ക്കുന്നു
ഉറപ്പിച്ചാൽപോലുമുറപ്പെനിക്കില്ല
മരപ്പണിയിലെ പല കൊത്തും കോളും"

പുരപ്പണിയിലെപ്പോലെത്തന്നെ കവിത പണിയുമ്പോഴും കവിയുടെ സാമർഥ്യം ശങ്കാധീനമാകുന്നു. 'പടവിൻമേലൊരു പടവു പാവുക', 'കൊത്തും കോളും' എന്നീ ചിഹ്നങ്ങളിലൂടെ അനുഭവത്തിനു യോജിച്ച പദാടിസ്ഥാനമുണ്ടാക്കുക - ആ അടിസ്ഥാനത്തിൽ അനുഭൂതിവ്യഞ്ജകത്വമുള്ള പദങ്ങൾ കൊരുക്കുക - പണിയുടെ വശവും തനിമയും നേടുക മുതലായ കാവ്യവൃത്തികളാണ് ഉദ്ദേശിച്ചിരിക്കുക. ഗൃഹനിർമാണത്തിലെന്നപേലെ കാവ്യനിർമാണത്തിലും പഴമയുടെ പല ആധാരങ്ങളും തനിക്ക് കാലഹരണപ്പെട്ടിട്ടില്ലെന്ന് കവി വിശ്വസിക്കുന്നു. (ഡോ. കെ.എൻ. എഴുത്തച്ഛൻ പറഞ്ഞത് ഓർക്കുക - പഴയത് അറിയുന്നത് പുതിയത് സൃഷ്ടിക്കാനാണ്). 'യഥാർത്ഥത്തിലുള്ള ഒരു പുരപ്പണിക്കാലത്ത് ഒരു കവിതയെഴുതാൻ നിർബദ്ധനായിത്തീർന്നതിന്റെ ഫലമാണ് ഈ കവിത. സ്വകർമത്തിന്റെ പ്രതീകമായിത്തോന്നി പുരപ്പണി' എന്ന് അടിക്കുറിപ്പിൽ കവി പറയുന്നുണ്ട്. ഈ തലക്കെട്ടിനെ സാധൂകരിക്കുന്നുണ്ട് 'എന്റെ പണിപ്പുര' എന്ന ആമുഖം (ഇടശ്ശേരിയുടെ തെരഞ്ഞെടുത്ത കൃതികൾ. 1966)

ഈ കവിതയോട് ചേർത്തുവച്ചു മനസ്സിലാക്കേണ്ടുന്ന പല കാര്യങ്ങളും ഇടശ്ശേരി പിന്നീട് പറഞ്ഞിട്ടുണ്ട്. "...ഏതാണ്ട് 1940 വരെ എങ്ങനെ എഴുതണം എന്നതിനെപ്പററി മാത്രമേ ഞാൻ ക്ലേശിച്ചിരുന്നുള്ളു. എന്തെഴുതണം എന്നത് എന്റെ മുൻപിൽ ഒരു പ്രശ്നമേ ആയിരുന്നില്ല. ഞാൻ പുരാണകഥകളെ ഇതിവൃത്തമായി സ്വീകരിച്ചു. എന്റെ ചുറ്റുമുള്ള പ്രകൃതിപ്രതിഭാസങ്ങളെ ആധാരമാക്കി കവിത രചിച്ചു. ചിലപ്പോഴെല്ലാം കല്പിതങ്ങളായ ഇതിവൃത്തങ്ങൾ തന്നെ സൃഷ്ടിച്ചും കവിത എഴുതി. പക്ഷേ, മലയാള സാഹിത്യത്തിൽ ഉയർന്നു വന്നിരുന്ന വാദഗതികളെ ശ്രദ്ധിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. അങ്ങനെ എന്റെ കവിതയിൽ ചില വഴിമാറലുകളുണ്ടായി. ഞാനതിനെ വളർച്ച എന്നു വിളിച്ചു" (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ 1988.15) പുരാണാഖ്യാനവും പ്രകൃതിഗീതവും വിട്ട് വിഷമതരങ്ങളായ സാമൂഹികതലങ്ങളിലേയ്ക്ക് വന്നതോടെ, 'പള്ളിച്ചൂണ്ടൽ', 'പണിമുടക്കം' തുടങ്ങിയ കവിതകളെഴുതിയതോടെ, ഇടശ്ശേരിയുടെ പ്രതിപാദ്യ പ്രതിപാദനങ്ങളിൽ സാരമായ മാററം സംഭവിച്ചു. 'പിൻതലമുറയുടെ കൂടെ' നിൽക്കുമ്പോഴും ജീവനും ചോരത്തുടിപ്പുമുള്ള പുതുമുറകളിൽ അദ്ദേഹം തല്പരനായിരുന്നു. രണ്ടിൽനിന്നും ഊർജം ഉൾക്കൊണ്ട ഒരു ഭാവഭാഷായോഗം ഇടശ്ശേരിക്കവിതയിൽ ദൃഢപ്പെട്ടിരിക്കുന്നു. ക്ലാസിക്കൽ ശൈ

ലിയുടെ ശക്തിയും കാല്പനിക താരള്യവും ഇടകലർന്ന ഒരു രചനാവ്യൂഹമാണ് ഇടശ്ശേരിക്കവിത. മലയാളത്തിൽ വിഷാദാത്മകകവിതകൾ കൊടുമ്പിരിക്കൊണ്ട കാലത്ത് അദ്ദേഹം എഴുതിയ 'വസന്തം' എന്ന കവിത നേരത്തെ പറഞ്ഞ മാറ്റത്തിന്റെയോ 'വളർച്ച'യുടെയോ തുടക്കമാണ്. വിഷാദാത്മക കവിതകളോട് "ഒട്ടും അനാദരവ് ഉണ്ടായിരുന്നില്ല; വ്യത്യസ്തമായ ഒരു ശബ്ദം സ്വയം പുറപ്പെടുവിച്ചിട്ടെങ്കിലും കേൾക്കണമെന്ന് മോഹം. പുഷ്പോത്സവങ്ങൾക്കുള്ള കൊതിയോടു ചേർന്നപ്പോൾ ഇങ്ങനെയൊരു കവിതയായി" എന്നത് 'വസന്ത'ത്തിന്റെ അടിക്കുറിപ്പിൽ വായിക്കാം. ആസൂത്രിതമായ ഒരു രചനാരീതിയിലൂടെ കവിതയുടെ സംഗീതവും സന്ദേശവും നിവേദിപ്പിക്കുവാൻ വസന്തലക്ഷണങ്ങളുടെ നിരകളിലൂടെ കവി ശ്രമിക്കുന്നു. 'വന്നപാടുചന്തം' എന്ന കാല്പനികശൈലീധൂർത്തിന് എതിരായി നിന്ന് കവി വ്യത്യസ്തമായ ശബ്ദം കേൾപ്പിക്കുന്നു. പലപ്പോഴും 'അരമ്യമായിത്തന്നെ' എഴുതിപ്പോവുകയാണെന്ന് ഇടശ്ശേരി പറയുന്നുണ്ട്. "ഒരൊഴുക്കിൽ എഴുതിപ്പോയത് തികച്ചും ബോധപൂർവം പരിശോധിക്കുകയും പലതിന്റെയും ആകൃതി മാറ്റുക, ചിലതിന്റെ സ്ഥാനം മാറ്റുക, മറ്റു ചിലതിന് മോക്ഷം കൊടുക്കുക – ഇങ്ങനെ ബുദ്ധിപരമായ പലതിനും വിധേയമാക്കുകയും ചെയ്തശേഷമേ ഞാനത് ബഹുജനസമക്ഷം പ്രകാശിപ്പിക്കാറുള്ളൂ" (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ, പു. 29) 'കയറൂരിവിട്ട വികാര' ശൈലിയല്ല തന്റേതെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നുണ്ട്.

ശോകമയമായ മയക്കത്തിൽ നിന്നുണർത്തി 'നേരി'ലേയ്ക്കു നയിക്കുന്ന ഇടശ്ശേരിക്കവിത 'കലർപ്പിന്റെ കലവറ'യാണ്. 'വസന്ത'ത്തിൽ കാണുന്ന വിധത്തിലുള്ള ക്ലാസിക്കലോ നിയോക്ലാസിക്കലോ ആയ പദബോധമാണ് ഇടശ്ശേരിയെ നയിക്കുന്നതെന്ന് ആക്ഷേപിക്കാം. എന്നാൽ, ഈ സാമ്പ്രദായികത്വത്തിലും തന്റേതായ ഒരു ചേർപ്പ് കാണാൻ കഴിയും. പല്ലവിതചൂതം, വാഴ്ചനാളായാതം, ശോണബാലാതപരുചിരാസവം, വല്ലരി സന്ദോഹം എന്നിങ്ങനെയുള്ള പദാവലിയുടെ ബാധ ഇടശ്ശേരിയുടെ കാവ്യലോകത്തിലുണ്ട്. ശക്തിയുദിപ്പിക്കാനുചിതമാണ് ഈ പദബന്ധങ്ങളെന്നാണ് ഇടശ്ശേരിയുടെ മതം. 'ചന്തമിനി വീണ്ടും വീണ്ടും കൂട്ടിടുവിൻ പാഴി–/ലെന്തിരിപ്പാ, ണെത്തി മധു; നല്ലനാടുവാഴി' എന്ന മനോധർമപരമായ ശൈലിയോടൊപ്പം, 'ശോണബാലാതപരുചിരാസവത്തെ മാര–/ ചോദിതനരുളീടുന്നു തൽപ്രണയചോരൻ' എന്ന സംസ്കൃതപക്ഷപാതിത്വവും കാണാം. ദ്രാവിഡത്തനിമയുടെ പടവിന്മേൽ ഭാഷാമിശ്രണത്തിന്റെ 'പടവ്' കൂടി പാവുമ്പോഴേ ഉറപ്പു ബോധ്യമാവുന്നുള്ളൂ എന്നാകാം ഇടശ്ശേരിയുടെ വിവക്ഷ. ക്ലാസിക്കൽ പാരമ്പര്യത്തിന്റെയും നാടോടിത്തത്തിന്റെയും കരുത്തുകൾ മേളിപ്പിച്ച് വ്യത്യസ്തമായൊരു കാവ്യവ്യവസ്ഥ – ഇത് നവ കാല്പനികതയുമല്ല നവ ക്ലാസിസിസവുമല്ല – വീക്ഷണത്തിലും മാധ്യമത്തിലും അഭിവ്യക്തിയിലും ഇടശ്ശേരി സാധിക്കുന്നു. (വൈലോപ്പിള്ളിയുടെയും ഒരു പരിധിവരെ അക്കിത്തത്തിന്റെയും കാവ്യഘടനകൾക്ക് ഇടശ്ശേരിക്കവിതയുമായി സാധർമ്യമുണ്ട്; അവർ പരസ്പരം അംഗീകരിക്കുന്ന ഒരേ തട്ടകക്കാരാണല്ലോ).

സാംസ്കാരിക വീക്ഷണവും വിശ്വാസങ്ങളും സാമൂഹികാസ്തിത്വവുമാണ് ഇടശ്ശേരിയുടെ കാവ്യശൈലി രൂപപ്പെടുത്തുന്നതെന്ന് കാണാം. ദുഃഖാനുഭൂതി മനുഷ്യനെ മഹത്വത്തിലേയ്ക്കുയർത്തുന്നു; ദുഃഖഭയം അവനെ ചെറ്റയാക്കുന്നുവെന്നാണ് 'കുങ്കുമപ്രഭാതം' വരെയുള്ള ഇടശ്ശേരിയുടെ മതം. ബിംബിസാരന്റെ ഇടയൻ, പുത്തൻകലവും അരിവാളും എന്നീ കവിതകളിലെ ദുഃഖാനുഭൂതി കവിയെയും വായനക്കാരെയും മഹത്വത്തിലേയ്ക്കുയർത്തുന്നു. "സ്വന്തം വേദനകളെ സ്വയം വിഴുങ്ങിയും അന്യരുടെ വേദനകളിൽ അനുതാപം പൂണ്ടുമുള്ള ജീവിതത്തെയാണ് ഒരുന്നത ജീവിതം എന്ന് ഞാൻ വിളിക്കുന്നത്. ആ നിലവാരത്തിൽ തനിക്ക് എന്തു കിട്ടിയില്ല എന്നതല്ല പ്രശ്നം, താൻ എന്തുകൊടുത്തില്ല എന്നതാകും. അവിടെ ഒരു മാതാവിന്റെ അല്ലെങ്കിൽ പിതാവിന്റെ ശുദ്ധിയും സ്നേഹവും അനുതാപവും അധഃസ്ഥിതനെ ഉയർത്താനുള്ള ഇച്ഛയും മൂലം, മറ്റു കവികളിൽ കാണാത്ത വിധത്തിലുള്ള വികാരത്തിന്റെ ഇരമ്പൽ ഇടശ്ശേരിക്കവിതയിൽ സാധ്യമാകുന്നു.

ഇരുണ്ട മനുഷ്യൻ തന്റെ കരുത്തിലൂടെ നമുക്കായി ആനന്ദം കൊയ്തുതരുന്നു – 'വയലിന്റെ ചിത്രകാരൻ' എന്ന കവിതയിൽ കർഷകൻ, ഇവിടെ വ്യക്തി എന്നതു മാറി വികാരമായി കലാശിച്ചു' എന്നാണ് ഇടശ്ശേരി പറയുക. 'വികാരത്തിന്റെ പിരിമുറുക്കത്തെ അലങ്കാരം കൊണ്ടു കാണിക്കാൻ' ആവശ്യമായിടത്താണ് ഉപയോഗിക്കേണ്ടതെന്നു വ്യക്തമാക്കുന്നു. ഇതിനായി വ്യാകരണം തെറ്റിക്കേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം പറയാറുണ്ട്. പദങ്ങളുടെ ഉചിതമായ തെരഞ്ഞെടുപ്പ് അദ്ദേഹം ആവശ്യപ്പെടുന്നു. ജനങ്ങളുടെ സങ്കീർണമായ വികാരങ്ങളെ അതേപടി ആവിഷ്കരിക്കാനാണ് ഇടശ്ശേരിയുടെ ശ്രമം. അദ്ദേഹത്തിന്റെ ഉത്തരം നോക്കുക: "അനുകാലസമൂഹത്തിന്റെ വികാരവിചാരങ്ങൾ ഒരു കവിയിൽ സ്വാധീനത ചെലുത്താതെ വയ്യ. അവൻ അതിൽ ഉപേക്ഷാഭാവം കൈക്കൊള്ളുകയാണെങ്കിൽ ഒരു യഥാർഥ കവിയല്ലാതായിത്തീരും. ബ്രഹ്മജ്ഞാനിയോ മറ്റോ ആയിത്തീരും. ആ സ്വാധീനതയ്ക്കു വഴങ്ങി കലാസൃഷ്ടികൾ നടത്തുമ്പോൾ തലേന്നുവരെ പക്ഷേ ഉണ്ടായിട്ടില്ലാത്ത ചില പുതുമകൾ (ആശയാവിഷ്കരണത്തിലും പ്രതിപാദനത്തിലുമുള്ള പുതുമകൾ) ആ കൃതിയിൽ ഉണ്ടാകാതെ വയ്യ." ('പുരോഗമനസാഹിത്യകാരന്മാരുടെ കടമ': ഇടശ്ശരിയുടെ പ്രബന്ധങ്ങൾ). കാർഷികേതിവൃത്തങ്ങളെ ആസ്പദമാക്കി ഇടശ്ശേരി എഴുതിയ മിക്ക കവിതകളിലുമുള്ള ഇത്തരം പുതുമകൾ പുരോഗമനസാഹിത്യത്തിനും സാഹിത്യപുരോഗമനത്തിനും സാഹിത്യപുരോഗമനത്തിനും പ്രേരകങ്ങളായിട്ടുണ്ട്.